# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **168** | **04.11.2019** - ൽ മറുപടിക്ക് |
|---|---|

## സംസ്ഥാന പുനർനിർമ്മാണത്തിനായി ഡവലപ്മെന്റ് പാർട്ണേഴ്സ് കോൺക്ലേവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.വി. അൻവർ<br>,, ആന്റണി ജോൺ<br>,, ആർ. രാജേഷ്<br>,, ജോൺ ഫെർണാണ്ടസ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് രാജ്യാന്തര ഏജൻസികളുടെ സാമ്പത്തിക സഹായം നേടുന്നതിനായി ഡവലപ്മെന്റ് പാർട്ണേഴ്സ് കോൺക്ലേവ് സംഘടിപ്പിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) | ഉണ്ട്. പ്രളയാനന്തരം നടത്തിയ Post Disaster Need Assessment (PDNA) റിപ്പോർട്ട് പ്രകാരം ഏകദേശം 31,000 കോടി രൂപയാണ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നത്. ലോകബാങ്ക് ,ജർമൻ ബാങ്കായ KfW എന്നിവർക്ക് പുറമെ സാധ്യമായ മറ്റ് എല്ലാ ഇടങ്ങളിൽ നിന്നും പരമാവധി സഹായം ലഭ്യമാക്കിയാലേ പുനർനിർമാണം ലക്ഷ്യത്തിലെത്തുകയുള്ളൂ. RKDP യിലൂടെ സർക്കാർ ലക്ഷ്യമിടുന്ന മുൻഗണനകൾ ദേശീയ അന്തർദേശീയ വികസന ഏജൻസികൾക്കു മുന്നിൽ അവതരിപ്പിച്ച്, അവരുടെ സാമ്പത്തിക സാങ്കേതിക സഹകരണവും അനുഭവ സമ്പത്തും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വികസനസംഗമം (Development Partner's Conclave) സംഘടിപ്പിച്ചത്. |
| (ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത വികസന സംഗമത്തിൽ പങ്കെടുത്തതെന്ന് അറിയിക്കാമോ | | ലോകബാങ്ക്, എ.ഡി.ബി., ജർമൻ ബാങ്ക്, JICA, DIFD, UNDP, AFD, New Development Bank, Bill and Melinda Gates Foundation,Tata Trusts, IDFC, AIIB, NABARD, HUDCO തുടങ്ങി ദേശീയ, അന്താരാഷ്ട്ര തലങ്ങളിലുള്ള വിവിധ ഏജൻസികൾ സംഗമത്തിൽ പങ്കെടുത്തു. |
| (ഡി) | ഏതൊക്കെ മേഖലകളിൽ വിഭവ സമാഹരണവും സാങ്കേതിക സഹായവും ലഭ്യമാക്കാനാണ് ഈ കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭൂവിനിയോഗം , സംയോജിത ജലവിഭവ പരിപാലനം, ജീവനോപാധി, ഗതാഗതം , മത്സ്യബന്ധനം , വനം, നഗരവികസനം, റോഡുകളും പാലങ്ങളും , കൃഷി തുടങ്ങിയ മേഖലകളിൽ സാമ്പത്തിക സാങ്കേതിക സഹകരണം കേരള പുനർനിർമ്മാണത്തിനായി പ്രയോജനപ്പെടുത്തുകയാണ് കോൺക്ലേവ് ലക്ഷ്യമിട്ടിരുന്നത്. |

സെക്ഷൻ ഓഫീസർ